## പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 4957 21.10.2011-ൽ മറുപടിക്ക്

### ധാതുമണൽ ഖനനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എം.എ.ബേബി<br>ശ്രീ.പി.കെ.ഗുരുദാസൻ<br>ശ്രീ.കെ.സദാശിവൻ<br>ശ്രീ.ആർ.രാജേഷ് | ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് പ്രധാനമായും ഏതെല്ലാം ധാതുസമ്പത്തുക്കൾ എവിടെയെല്ലാമാണ് കണ്ടെത്തിയിട്ടു ഉള്ളതെന്ന് വെളിപ്പെടുത്താമോ; | (എ) സംസ്ഥാനത്തെ പ്രധാനപ്പെട്ട ധാതു നിക്ഷേപങ്ങൾ താഴെ ചേർക്കുന്നു. |

| വൻകിട ധാതുക്കൾ | ചെറുകിട ധാതുക്കൾ |
|---|---|
| 1. ചൈനാ ക്ലേ | 1. ഗ്രാനൈറ്റ് ബിൽഡിംഗ് സ്റ്റോൺ |
| 2. ഇൽമനൈറ്റ് | 2. ഗ്രാനൈറ്റ് ഡൈമൻഷൻ സ്റ്റോൺ |
| 3. റൂട്ടൈൽ | 3. ലാറ്ററൈറ്റ് |
| 4. സിർക്കോൺ | 4. ലൈംഷെൽ |
| 5. സില്ലിമനൈറ്റ് | 5. ബ്രിക്ക് ക്ലേ |
| 6. സിലിക്കാമണൽ | 6. ഓർഡിനറി സാന്റ് |
| 7. ലൈം ഷെൽ | |
| 8. ലൈം സ്റ്റോൺ | |
| 9. ബോക്സൈറ്റ് | |
| 10. ക്വാർട്ട്സ് | |
| 11. ഗ്രാഫൈറ്റ് | |
| 12. സ്വർണ്ണം | |
| 13. ഇരുമ്പ് | |

സംസ്ഥാനത്തെ ധാതു നിക്ഷേപങ്ങൾ കാണപ്പെടുന്ന പ്രദേശങ്ങൾ ക്രോഡീകരിച്ച് താഴെ ചേർക്കുന്നു.

| ധാതു | പ്രദേശം | ജില്ല |
|---|---|---|
| 1.ചൈനാക്ലേ | മേൽതോന്നയ്ക്കൽ, പള്ളിപ്പുറം,വെയ്ലൂർ, അണ്ടൂർകോണം, അഴൂർ | തിരുവനന്തപുരം |
| | കുണ്ടറ, മുളവന, പള്ളിമൺ,വെളിച്ചിക്കാല | കൊല്ലം |
| | പഴയങ്ങാടി, കണ്ണപ്പുരം, മാടായി | കണ്ണൂർ |
| | എരിക്കുളം,നീലേശ്വരം സീതാംഗോളി,മിയാപദവ് | കാസർഗോഡ് |

| | | | |
|---|---|---|---|
| | 2.സിലിക്കാമണൽ | ആലപ്പുഴ മുതൽ ചേർത്തലയിലെ പാണാവള്ളി വരെയുള്ള തീരപ്രദേശം | ആലപ്പുഴ |
| | 3.ബോക്സൈറ്റ് | മംഗലപുരം, ശാസ്തവട്ടം | തിരുവനന്തപുരം |
| | | പോരുവഴി, ചക്കുവള്ളി | കൊല്ലം |
| | | കുമ്പള | കാസർഗോഡ് |
| | 4.ഗ്രാഫൈറ്റ് | വടകോട്, നാഗപ്പുഴ | എറണാകുളം |
| | | ചിറക്കടവ് | കോട്ടയം |
| | | വേളി, കുറ്റിച്ചൽ, വെള്ളനാട് | തിരുവനന്തപുരം |
| | 5. കക്ക | കായൽ പ്രദേശങ്ങൾ, ചതുപ്പുനിലങ്ങൾ, നദീമുഖങ്ങൾ | ആലപ്പുഴ, കോട്ടയം, കാസർഗോഡ് |
| | 6. ചുണ്ണാമ്പ് | വാളയാർ | പാലക്കാട് |
| | 7. ക്വാർട്ട്സ് | മാനന്തവാടി, വൈത്തിരി സുൽത്താൻബത്തേരി | വയനാട് |
| | 8. ധാതുമണൽ | | കൊല്ലം, ആലപ്പുഴ |
| | 9. ഇരുമ്പയിര് | | കോഴിക്കോട് മലപ്പുറം |
| | 10. സ്വർണ്ണം | നിലമ്പൂർ | മലപ്പുറം |
| | | അട്ടപ്പാടി | പാലക്കാട് |
| **(ബി)** സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങൾ അല്ലാതെ മറ്റേതെങ്കിലും സ്ഥാപനം ഇപ്പോൾ ഏതെങ്കിലും ധാതുസമ്പത്തുക്കൾ ഖനനം ചെയ്തു വരുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ? | **(ബി)** സംസ്ഥാനത്ത് സിലിക്കാമണൽ, ചൈനാ ക്ളേ, ഗ്രാഫൈറ്റ്, ലാറ്ററൈറ്റ്, ലൈം ഷെൽ, ക്വാർട്ട്സ് എന്നിവ ഖനനം ചെയ്ത് നീക്കുന്നതിന് വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും മൈനിംഗ് ലീസ് അനുവദിച്ചിട്ടുണ്ട്. | | |

(ഒപ്പ്)

സെക്ഷൻ ഓഫീസർ